**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3408      08.11.2019 ൽ മറുപടിക്ക്

## പത്തനാപുരം താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | **എ.സി. മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | പത്തനാപുരത്ത് അനുവദിച്ച താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് വക ഒഴിഞ്ഞുകിടക്കുന്ന ഭൂമിയാണെന്ന് കിഫ്ബി നിയോഗിച്ച എസ്.പി.വി. ആയ ഇൻകെൽ സർക്കാരിന് സമർപ്പിച്ച ശുപാർശയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ഭൂമിയിൽ നിന്നും ആവശ്യത്തിന് സ്ഥലം ഇതിലേക്കായി ആരോഗ്യ വകുപ്പിന് വിട്ടുനൽകുവാൻ നടപടിയുണ്ടാകണം എന്ന് അഭ്യർത്ഥിച്ച് പത്തനാപുരം എം.എൽ.എ. നൽകിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | പത്തനാപുരത്ത് അനുവദിച്ച താലൂക്ക് ആശുപത്രിയുടെ നിർമ്മാണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വക ഭൂമി ആരോഗ്യ വകുപ്പിന് വിട്ടുനൽകുന്നതുമായി ബന്ധപ്പെട്ട് പത്തനാപുരം എം.എൽ.എ നൽകിയ കത്ത് 9.10.2010 തീയതിയിൽ ലഭിച്ചിട്ടുള്ളതായി ഗ്രാമവികസന കമ്മീഷണർ അറിയിച്ചിട്ടുണ്ട്. |
| ബി | ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | ഈ വിഷയം സംബന്ധിച്ചുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല . |
| സി | നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ ജീവൽപ്രധാനമായ ആവശ്യമെന്ന നിലയിലും ഇതിലേക്കുള്ള സർക്കാർ ഭൂമി ബ്ലോക്ക് പഞ്ചായത്ത് വളപ്പിൽ ആവശ്യത്തിന് ലഭ്യമാണ് എന്ന വസ്തുത പരിഗണിച്ചും ഇക്കാര്യത്തിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ